**<u>19.01.2024-ൽ നടന്ന ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിൽ വച്ച് നടന്ന ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 11-ാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിന്റെ മിനിട്ട്സ്.</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 11-ാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് 19.01.2024 -ന് ഉച്ചക്ക് 12 മണിക്ക് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ വച്ച് ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. മീറ്റിംഗിൽ പങ്കെടുത്തവരുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു.

ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്തു. 10-ാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിന്റെ മിനിട്ട്സ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ അവതരിപ്പിക്കുകയും കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. തുടർന്ന് മുൻ യോഗതീരുമാനങ്ങൾ പ്രകാരം കൈക്കൊണ്ട തുടർ നടപടികൾ വകുപ്പ് ഡയറക്ടർ വിശദീകരിക്കുകയുണ്ടായി.

(i) ഇ.എസ്.ഐ ആശുപത്രികളിലെ സ്പെഷ്യാലിറ്റി തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ സെക്രട്ടറി നിർദ്ദേശിച്ചു.

(ii) കണ്ണിന്റെ നിലവിലുള്ള പോസ്റ്റീരിയർ സെഗ്മെന്റിന്റെ സർജിക്കൽ ചികിത്സ കൂടാതെ മെഡിക്കൽ ചികിത്സ കൂടി സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് ഇ.എസ്.ഐ കോർപ്പറേഷന്റെ പുതിയ റഫറൽ പോളിസിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി വിഷയം പരിശോധിക്കണമെന്ന് ഇ.എസ്.ഐ കോർപ്പറേഷൻ റീജിയണൽ ഡയറക്ടറോട് അഭ്യർത്ഥിച്ചു.

(iii) പുതിയതായി വകുപ്പിൽ ജോലിയിൽ പ്രവേശിച്ചതിനുശേഷം അവധിയിൽ പ്രവേശിക്കുന്ന അലോപ്പതി അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്ക് ബോണ്ട് ഏർപ്പെടുത്തുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറി നിർദ്ദേശിച്ചു.

(iv) സെൻട്രൽ മെഡിക്കൽ സ്റ്റോറിന്റെ സ്ഥല സൗകര്യം കൂട്ടുന്നത് സംബന്ധിച്ച ശിപാർശയുടെ പകർപ്പ് ലഭ്യമാക്കുവാൻ വകുപ്പ് ഡയറക്ടറോട് ഇ.എസ്.ഐ കോർപ്പറേഷൻ റീജിയണൽ ഡയറക്ടർ ആവശ്യപ്പെട്ടു.

(v) ഡെന്റൽ വിഭാഗം സ്വകാര്യ ആശുപത്രികളുമായി എംപാനൽ ചെയ്യാവുന്നതാണോ എന്ന വിഷയത്തിൽ ഇ.എസ്.ഐ കോർപ്പറേഷൻ ഹെഡ്ക്വാർട്ടേഴ്സിനോട് വ്യക്തത ആവശ്യപ്പെട്ടിട്ടുണ്ടെന്ന് റീജിയണൽ ഡയറക്ടർ യോഗത്തെ അറിയിച്ചു.

(vi) എംപാനൽ ആശുപത്രികളിലേക്കുള്ള ഓൺലൈൻ സ്പെഷ്യാലിറ്റി റഫറൻസ് ബിൽ പ്രോസസിംഗ് UTIITSL മുഖേന നടത്തുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഡയറക്ടർ യോഗത്തെ അറിയിച്ചു.

(vii) ഐ.സി യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, ഫാർമസി ഓട്ട് ലെറ്റ് എന്നിവിടങ്ങളിലെ സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തസ്തികകൾ താൽക്കാലിക തസ്തികകളായതിനാൽ ടി തസ്തികകളിലെ ജീവനക്കാരെ 179 ദിവസത്തേക്ക് മാത്രമേ നിയമിക്കാൻ കഴിയുകയുള്ളൂവെന്നും കുറഞ്ഞ കാലയളവായതിനാൽ ജീവനക്കാരെ ലഭ്യമാകുന്നില്ലായെന്നും ഡയറക്ടർ യോഗത്തെ അറിയിച്ചു.

(viii) പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ ഫാർമസിസ്റ്റുമാരെ എംപ്ലോയ്മെന്റ് മുഖേന നിയമിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭ്യമാകുവാൻ കാലതാമസം നേരിടുന്നുവെന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ യോഗത്തെ അറിയിച്ചു. ടി വിഷയം പരിഹരിക്കുന്നതിനായി വകുപ്പ് ഡയറക്ടറും എംപ്ലോയ്മെന്റ് ഡയറക്ടറും തമ്മിൽ ഒരു മീറ്റിംഗ് നടത്തുവാൻ സെക്രട്ടറി നിർദ്ദേശിച്ചു.

**<u>അജണ്ടയിൽമ്മേലുള്ള യോഗ തീരുമാനങ്ങൾ</u>**

1. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ അത്യാവശ്യം സൃഷ്ടിക്കേണ്ട 89 തസ്തികകൾ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ടിരുന്ന അധിക വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകി. നിലവിൽ ഐ.പി, ഒ.പി സ്റ്റാറ്റസ് കുറഞ്ഞ സ്ഥാപനങ്ങളെ തൊട്ടടുത്ത സ്ഥാപനങ്ങളുമായി ലയിപ്പിക്കുന്ന വിഷയത്തിൽ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തുവാൻ യോഗം തീരുമാനിച്ചു.

2. ഇ.എസ്.ഐ കോർപ്പറേഷൻ പ്രവർത്താനാനുമതി നൽകിയ ഏഴ് 2, 3 ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ഡബിൾ ഷിഫ്റ്റിൽ പ്രവർത്തിക്കുമ്പോൾ അധികമായി ആവശ്യമുള്ള തസ്തികകൾ, ഇ.എസ്.ഐ കോർപ്പറേഷൻ ഇതുവരെയും പ്രവർത്തനാനുമതി നൽകാത്തതും സർക്കാർ അനുമതി നൽകിയിട്ടുള്ളതുമായ ഡിസ്പെൻസറികളിൽ നിന്നും കണ്ടെത്താവുന്നതാണെന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചു.

3. വകുപ്പിലെ സ്പെഷ്യലിസ്റ്റ് തസ്തികകളിൽ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടത്തുന്നതിന് സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുവെന്ന് വകുപ്പ് ഡയറക്ടർ യോഗത്തെ അറിയിച്ചു. 2023-ൽ നടത്തിയതുപോലെ 2024 ലും സ്പെഷ്യലിസ്റ്റ് തസ്തികകളിലെ പൊതുസ്ഥലംമാറ്റം ഓഫ്-ലൈനായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറി നിർദ്ദേശിച്ചു.

4. 24 തസ്തികകളുടെ പുനർവിന്യാസം യഥാസമയം നടത്താൻ സാധിക്കാത്തത് വകുപ്പിലെ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നും പുനർവിന്യാസം അടിയന്തിരമായി നടപ്പിലാക്കണമെന്നും ഡയറക്ടർ യോഗത്തെ അറിയിച്ചു. തുടർ നടപടികൾ വേഗത്തിലാക്കാൻ വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചു.

5. നിലവിൽ സിംഗിൾ ഷിഫ്റ്റിൽ പ്രവർത്തിച്ചുവരുന്ന കഴക്കൂട്ടം ഇ.എസ്.ഐ ഡിസ്പെൻസറി ഡബിൾ ഷിഫ്റ്റിൽ പ്രവർത്തിപ്പിക്കുമ്പോൾ അധികമായി ആവശ്യമുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ കണ്ടെത്തുന്നതിനാൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ലായെന്ന് വകുപ്പ് ഡയറക്ടർ അറിയിച്ചു. ഇക്കാര്യം

സർക്കാർതലത്തിൽ പരിശോധിച്ച് വരുകയാണെന്ന് അറിയിച്ചിട്ടുണ്ട്.

6. പേരൂർക്കട ഇ.എസ്.ഐ ഡിസ്പെൻസറി വിഭജിക്കുമ്പോൾ അധികമായി സൃഷ്ടിക്കേണ്ട തസ്തികകളുടെ വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ലഭ്യമാക്കുവാൻ വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചു. ടി വിവരങ്ങൾ ഉടൻ ലഭ്യമാക്കുന്നതാണെന്ന് ഡയറക്ടർ യോഗത്തെ അറിയിച്ചു.

7. ഐ.സി യൂണിറ്റുകളുടെ പ്രവർത്തനത്തിന് ആവശ്യമായ 96 തസ്തിക സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് വകുപ്പ് ഡയറക്ടർ അറിയിച്ചു. ഇ.എസ്.ഐ ആശുപത്രികളിൽ നിലവിലുള്ള സ്റ്റാഫുകളെ ഉപയോഗിച്ച് തന്നെ ഐ.സി. യൂണിറ്റുകൾ പ്രവർത്തിപ്പിക്കേണ്ടതാണെന്നാണ് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ളതെന്നും ഇ.എസ്.ഐ കോർപ്പറേഷൻ ആശുപത്രികളിലും അതാത് സ്ഥാപനങ്ങളിലെ സ്റ്റാഫുകളെ ഉപയോഗിച്ചാണ് ഐ.സി-യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതെന്ന് തൊഴിൽ വകുപ്പ് സെക്രട്ടറി യോഗത്തെ അറിയിച്ചു. ഇ.എസ്.ഐ കോർപ്പറേഷൻ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേണല്ല ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലുള്ളതെന്നും ആശുപത്രികളിലെ നിലവിലെ തസ്തികകൾ സാധാരണ പ്രവർത്തനത്തിന് തന്നെ അപര്യാപ്തമാണെന്നും ടി സ്റ്റാഫുകളെ ഉപയോഗിച്ച് ഐ.സി യൂണിറ്റ് കൂടി പ്രവർത്തിപ്പിക്കുന്നത് അപ്രായോഗികമാണെന്നും ഡയറക്ടർ യോഗത്തെ അറിയിച്ചു. ഐ.സി- യൂണിറ്റിലേക്ക് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്ന വിഷയം വീണ്ടും പരിശോധിക്കുന്നതിന് സെക്രട്ടറി നിർദ്ദേശിച്ചു.

8. ഇ.എസ്.ഐ കോർപ്പറേഷന്റെ സ്വന്തം കെട്ടിടങ്ങളിലെ ARM/ SRM ജോലികൾ ചെയ്യുന്നത് സംബന്ധിച്ച വിഷയത്തിൽ ഇ.എസ്.ഐ ക്വാർട്ടേഴ്സുകളുടെയും ജീർണ്ണാവസ്ഥയിലുള്ള മറ്റ് കെട്ടിടങ്ങളുടേയും മെയിന്റനൻസ് വർക്കുകൾ സ്റ്റേറ്റ് പി.ഡബ്ല്യു.ഡി -യെ ഏൽപ്പിക്കുന്നതിനായി ഇ.എസ്.ഐ കോർപ്പറേഷനും സ്റ്റേറ്റ് പി.ഡബ്ല്യു.ഡി-യുമായുള്ള Memorandum of Understanding-ന്റെ draft ലഭ്യമായിട്ടുണ്ടെന്നും centage charges നിശ്ചയിക്കാനുണ്ടെന്നും സ്റ്റേറ്റ് പി.ഡബ്ല്യു.ഡി വിഭാഗം അറിയിച്ചു. ഇതിന്മേൽ തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് സെക്രട്ടറി നിർദ്ദേശിച്ചു.

9. പേരൂർക്കട, ആലപ്പുഴ ഇ.എസ്.ഐ ആശുപത്രികളിലെ ഒ.പി ബ്ലോക്ക് നിർമ്മാണം ഇതുവരെയും ആരംഭിച്ചിട്ടില്ലായെന്ന് വകുപ്പ് ഡയറക്ടർ അറിയിച്ചു. ടി ആശുപത്രികളിലെ ഒ.പി ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്ലാൻ അന്തിമഘട്ടത്തിലാണെന്നും ഇ.എസ്.ഐ കോർപ്പറേഷൻ ഹെഡ്ക്വാർട്ടേഴ്സിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് CPWD-യുമായി ചേർന്ന് ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുമെന്നും ഇ.എസ്.ഐ കോർപ്പറേഷൻ റീജിയണൽ ഡയറക്ടർ യോഗത്തെ അറിയിച്ചു.

10. ഇ.എസ്.ഐ കോർപ്പറേഷന്റെ Rule 60/61-ൽ ഉൾപ്പെടുന്ന പെൻഷൻകാരായ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഉൾപ്പെടുന്ന ചികിത്സകൾക്കുള്ള മരുന്നുകൾ ഇ.എസ്.ഐ ഡിസ്പെൻസറികളിൽ നിന്നും നൽകേണ്ടതാണെന്നും ഡിസ്പെൻസറിയിലില്ലാത്ത മരുന്നുകൾ പുറത്ത് നിന്നും വാങ്ങുമ്പോൾ ഗുണഭോക്താക്കൾക്ക് ചിലവാകുന്ന തുക റീ-ഇംബേഴ്സ്മെന്റ് ചെയ്ത് നൽകേണ്ടതാണെന്നും ഇ.എസ്.ഐ കോർപ്പറേഷൻ റീജിയണൽ ഡയറക്ടർ അറിയിച്ചു.

നെഫ്രോളജി, യൂറോളജി പോലുള്ള സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾക്കുള്ള വിലകൂടിയ മരുന്നുകൾ ഡിസ്പെൻസറികൾ മുഖാന്തിരം നൽകാമോ എന്നതിലും ടി മരുന്നുകൾ ലഭ്യമല്ലാത്ത പക്ഷം മരുന്നുകളുടെ തുക റീ-ഇംബേഴ്സ്മെന്റ് ചെയ്യാമോ എന്നതിലും വ്യക്തത ഇ.എസ്.ഐ കോർപ്പറേഷൻ ഹെഡ്ക്വാർട്ടേഴ്സിനോട് തേടുന്നതാണെന്നും ശിപാർശ ലഭ്യമാക്കുവാനും റീജിയണൽ ഡയറക്ടർ നിർദ്ദേശിച്ചു.

**11.** ഇ.എസ്.ഐ കോർപ്പറേഷൻ റേറ്റ് കോൺട്രാക്റ്റിൽ ഉൾപ്പെടാത്ത സ്പെഷ്യൽ ഇൻഡന്റ് മരുന്നുകൾ **KMSCL** മുഖേനയല്ലാതെ കമ്പനികളിൽ നിന്നും നേരിട്ടു വാങ്ങിക്കാൻ കഴിയുമെങ്കിൽ അത് വകുപ്പിനും സർക്കാരിന് സാമ്പത്തികമായും ഗുണകരമാണെന്ന് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ആരോഗ്യവകുപ്പിൽ മരുന്നുകൾ **KMSCL** മുഖേനയല്ലാതെ പുറത്ത് നിന്നും നേരിട്ട് വാങ്ങുന്നുണ്ടോയെന്ന് സെക്രട്ടറി ചോദിച്ചു. ഇ.എസ്.ഐ കോർപ്പറേഷൻ റേറ്റ് കോൺട്രാക്റ്റിൽ ഉൾപ്പെടാത്ത സ്പെഷ്യൽ ഇൻഡന്റ് മരുന്നുകൾ **KMSCL** മുഖേനയല്ലാതെ പുറത്ത് നിന്ന് നേരിട്ട് വാങ്ങുന്ന വിഷയം പരിശോധിക്കാമെന്ന് സെക്രട്ടറി അറിയിച്ചു.

**12.** ഇ.എസ്.ഐ ആശുപത്രികളിലെ ഡ്രൈവർമാരുടെ ജോലിസമയം **12** മണിക്കൂറിൽ നിന്നു **8** മണിക്കൂറായി മാറ്റുമ്പോൾ **7** ആശുപത്രികളിലായി **7** ഡ്രൈവർ തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടി വരുമെന്ന് വകുപ്പ് ഡയറക്ടർ അറിയിച്ചു. ഇ.എസ്.ഐ ആശുപത്രികളിലെ ഡ്രൈവർമാരുടെ ജോലി സമയം പുനഃക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുവാൻ സെക്രട്ടറി നിർദ്ദേശിച്ചു.

**13.** അപകടാവസ്ഥയിലുള്ളതും വാടക കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതുമായ ഇ.എസ്.ഐ കോർപ്പറേഷന്റെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിപ്പിച്ചു വരുന്ന ഇ.എസ്.ഐ ഡിസ്പെൻസറികൾക്ക് സമീപമുള്ള പ്രദേശങ്ങളിൽ സംസ്ഥാനസർക്കാരിന്റെയോ **BSNL** പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയോ കെട്ടിടങ്ങൾ ലഭ്യമല്ലായെന്നുള്ള സർട്ടിഫിക്കറ്റ് /റിപ്പോർട്ട് ലഭ്യമാക്കിയാൽ മാത്രമേ ടി ഡിസ്പെൻസറികൾ വാടക കെട്ടിടങ്ങളിലേക്ക് മാറ്റുന്ന വിഷയത്തിൽ നടപടി സ്വീകരിക്കാൻ കഴിയുള്ളൂവെന്ന് ഇ.എസ്.ഐ കോർപ്പറേഷൻ റീജിയണൽ ഡയറക്ടർ അറിയിച്ചു. സംസ്ഥാന സർക്കാരിന്റെ കൈവശമോ, പൊതുമേഖലയിലോ കെട്ടിടങ്ങൾ ലഭ്യമാണോയെന്നുള്ള റിപ്പോർട്ട് ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുവാൻ സെക്രട്ടറി നിർദ്ദേശിച്ചു.

**14.** സെൻട്രൽ മെഡിക്കൽ സ്റ്റോറിനും മറ്റ് **2** സബ്സ്റ്റോറുകൾക്കുമായി പുതിയ സ്റ്റോർ വാനുകൾ **2023-24** പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് ഇ.എസ്.ഐ കോർപ്പറേഷന്റെ **18/08/2023**-ൽ നടന്ന ഓൺലൈൻ മീറ്റിംഗിലെ നിർദ്ദേശ പ്രകാരം ഇ.എസ്.ഐ കോർപ്പറേഷനിലേക്ക് **29/09/2023** തീയതിയിൽ ശിപാർശ സമർപ്പിച്ചിരുന്നതാണെന്നും എന്നാൽ തുടർനടപടികൾ ഉണ്ടായതായി കാണുന്നില്ലെന്നും വകുപ്പ് ഡയറക്ടർ അറിയിച്ചു. ടി ശിപാർശ റീജിയണൽ ഓഫീസിൽ വീണ്ടും ലഭ്യമാക്കുവാൻ ഇ.എസ്.ഐ കോർപ്പറേഷൻ റീജിയണൽ ഡയറക്ടർ നിർദ്ദേശിച്ചു.

**15.** ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പുമായി എംപാനൽ ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചതും ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാരുടെ അനുകൂല റിപ്പോർട്ട് ലഭിച്ചതുമായ താഴെപറയുന്ന **23** സ്വകാര്യ ആശുപത്രികളെ /ഡയഗ്നോസ്റ്റിക്

സെന്ററുകളെ കൂടി സ്പെഷ്യാലിറ്റി ചികിത്സകൾക്കായി എംപാനൽ ചെയ്യുന്നതിന് കമ്മിറ്റി തീരുമാനിച്ചു.

| PRIVATE HOSPITALS APPLIED FOR SPECIALITY EMPANELMENT | | |
|---|---|---|
| Sl. No. | Name & Address of Hospital | Speciality Services |
| 1 | St. James Hospital, Chalakkudy, Thrissur | General Surgery, Pediatrics, ENT, Gynaecolgy,Orthopedics |
| 2 | Doctors Advanced Diagnostics, Vattiyoorkkav, Thiruvananthapuram | Ultra Sound Scan, Blood Tests-(Haematology, Biochemistry, Microbiology, Histopathology- All Tests Costing Below Rs. 3000/- Only) |
| 3 | Christian Mission Hospital, Pandalam, Pathanamthitta | General Medicine, General Surgery, Orthopedics, Pediatrics, Obstetrics & Gynecology, ENT, Pulmonology, Emergency & Trauma Care |
| 4 | Dr.Chandarakanth Malabar Super Specialty Eye Hospital, Kozhikkode | Anterior Segment Evaluation Treatment, Posterior Segment Evaluation |
| 5 | Palakkad Institute Of Medical Science, Walayar, Palakkad | Requested For Additional Department-Physiotherapy |
| 6 | SP Multi Speciality Hospital, Parassala, Kerala | General Medicine,General Surgery, Orthopedics, Pediatrics, Gynecology, Radiology(X-Ray, Doppler, USG, ECG) |
| 7 | Dr.Geetha’s Scans, Nedumangad, Thiruvananthapuram | USG,Doppler Scan,X-Ray, ECG, Lab Services (Hematolgy, Biochemistry, Pathology, Micro Biology, Covid Antigen Test - All Tests Costing Below Rs.3000/- Only) |
| 8 | Aarthi Scans & Labs, Medical College, Thiruvannthapuram | Blood Tests & X-Ray (All Tests Costing Below Rs.3000/- Only) |

| | | |
|---|---|---|
| | | |
| 9 | Kasargode Institute Of Medical Sciences, Kasargod | General Medicine, General Surgery, Orthopedics, Pediatrics, Gynecolgy, ENT, Dermatolgy, Radiolgy(X-Ray, USG, Doppler, ECG) |
| 10 | Believers Church Thiruvalla, Kuttappuzha P.O., Thiruvalla | General Medicine, General Surgery, Orthopedics, Pediatrics, Obstetrics & Gynecology, ENT, Ophthalmology (Except Retina/ Vitreo Retinal Surgery & Related Investigations) Family Medicine, Dermatology |
| 11 | S Path Labs & Scans, Ernakulam, Edappally, Ernakulam | USS, Dexa Scan, Lab Services (Robotic Modular System For Haematology, Patholgy, Biochemistry, Immunology, Serology, Microbiology-All Tests Costing below Rs3000/- Only) |
| 12 | NIMS Malappuram, Vandoor, Malppuram | General Medicine, General Surgery, Orthopedics, Gynaecology, ENT, Ophthalmology(Except Retina/ Vitreo- Retinal Surgery & Related Investigations) |
| 13 | City Institute Of Medical Sciences,Kanhangad, Kasargode | General Medicine, General Surgery, Orthopedics, ENT, Obstetrics & Gynecology, Pediatrics. |
| 14 | PS Mission Kochi, Kundannur, Ernakulam | General Medicine & Pediatrics |
| 15 | Mar Baseliose, Kothamangalam, Ernakulam | Requested For Additional Department-Orthopedics |
| 16 | Payyannur Eye Foundation, Payyannur, Kannur | Ophthalmology (Cataract Surgery, General Ophthalmology, Glaucoma, Medical Retina, Pediatric Ophthalmology, Occuloplasty) |
| 17 | St. Joseph Mission Hospital, Anjal, | General Medicine, General |

| | | |
|---|---|---|
| | Kollam | Surgery, Orthopedics, Obstetrics & Gynecology, Pediatrics/New Born Care, Psychiatry, Dermatology, Pulmonology, Ophthalmology (except Retina/Vitreo-Retinal Surgery & Related Investigations). |
| 18 | Dr.Murali's Medical Centre,Kottarakkara,Kollam | General Medicine, General Surgery with Anesthesiology. |
| 19 | Sanjos Hospital, Arattuvazhi, Alappuzha | General Surgery, Paediatrics |
| 20 | Devi Scans & Labs, Adoor,Pathanamthitta | Lab Services (Histopathology, Clinical Pathology, Cytogenetics, Microbiology, Immunology, Molecular Biology And Biochemistry-All Tests Costing below Rs.3000/- Only), Radiology(USS, Colour Doppler, Digital X-Ray) |
| 21 | Devi Scans & Labs, Pathanapuram,Kollam | Lab services (costing below Rs.3000/- only), Radiology (USS,venous doppler) |
| 22 | ARMC IVF Fertility Centre, Puthiyara Kozhikkode. | Infertility Treatment(IUI, IVF-ICSI) |
| 23 | Kokoori Laparoscopic & IVF Clinic, Malaparamba, Kozhikkode | Infertility Treatment(IUI, IVF-ICSI) |

**16.** ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പുമായി നിലവിൽ എംപാനൽ ചെയ്തിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന **21** സ്വകാര്യ സ്ഥാപനങ്ങളുടെ കാലാവധി പുതുക്കി നൽകിയ ഡയറക്ടറുടെ നടപടി കമ്മിറ്റി സാധൂകരിച്ചു.

| **<u>LIST OF HOSPITALS THOSE EMPANALMENT PERIOD WAS RENEWED</u>** | | |
|---|---|---|
| **Sl. No.** | **Name & Address of Hospital** | **Period Of Empanalment** |
| [illegible] | Rajiv Gandhi Centre For Biotechnology, | [illegible] |

| | | |
|---|---|---|
| **1** | Rajiv Gandhi Centre For Biotechnology, Thiruvananthapuram | 27/11/2022 to 26/11/2024 |
| **2** | Rajah Charitable Medical Trust Hospital, Chavakkad, Thrissur | 30/11/2022 to29/11/2024 |
| **3** | Midas Scans & Labs,Beach Road, Alappuzha | 27/11/2022 to 26/11/2024 |
| **4** | AP Varkey Mission, Thottappady, Arakkunnam, Ernakulam | 01/01/2023 to 31/12/2024 |
| **5** | Rajiv Gandhi Centre For Biotechnology, Thiruvananthapuram (Collection Centre @ Vadavathoor ESI Hospital) | 27/11/2022 to 26/11/2024 |
| **6** | Dr.Rani Menon Eye Hospital, Kanjani Road, Thrissur | 19/12/2022 to 18/12/2024 |
| **7** | Meditrina Hospital Pvt Ltd, Pattom,Thiruvananthapuram | 29/12/2022 to 28/12/2024 |
| **8** | Dr.Agarwalls Health Care Ltd, Vellayambalam, Thiruvananthapuram, | 23/03/2023 to 22/03/2025 |
| **9** | Little Lourdes Mission Hospital, Kidangoor, Kottayam | 17/04/2023 to 16/04/2025 |
| **10** | St. Sebastians Visitation Hospital, Arthunkal, Alappuzha | 20/04/2023 to 19/04/2025 |
| **11** | Sankar's Healthcare Scans & Diagnostics,Vandanam, Alappuzha | 29/12/2022 to 08/05/2024 |
| **12** | Modern Hospital,Kodungallur,Thrissur | 16/04/2023 to 15/04/2025 |
| **13** | Amritha Institute Of Medical Science And Research Centre, Ponekkara P.O, Ernakulam | 17/06/2023 to 16/06/2025 |
| **14** | Al Arif Hospital, Ambalathara, Thiruvananthapuram | 01/07/2023 to 30/06/2025 |
| **15** | St. Joseph Hospital Trust, Manjummel, Ernakulam | 18/07/2023 to 17/07/2025 |
| **16** | Providence Hospital,Thumpoly, Alappuzha | 29/07/2023 to 28/07/2025 |
| **17** | Malankara Orthodox Syrian Church Medical Mission Hospital, Kolenchery, Ernakulam | 20/10/2023 to 19/10/2025 |
| **18** | Mar Gregorious Memorial Muthoot Medical Centre, Pathanamthitta | 20/10/2023 to 19/10/2025 |

| | | |
|---|---|---|
| **19** | Little Flower Hospital & Research Centre, Angamali, Ernakulam | 23/09/2023 to 22/09/2025 |
| **20** | Rohini Hospital Pvt Ltd, Cherpu,Thrissur | 18/09/2023 to 17/09/2025 |
| **21** | Lotus Eye Hospital & Institute Ltd, Kadavanthara,Ernakulam | 18/07/2023 to 17/07/2025 |

**17.** വടവാതൂർ ഇ.എസ്.ഐ ആശുപത്രികളിൽ നിന്നും വകുപ്പ് എംപാനൽ ചെയ്തിട്ടില്ലാത്ത ഭാരത് ആശുപത്രിയിലെ റേഡിയോളജി ഡിപ്പാർട്ടുമെന്റിലേക്ക് ഓഫ്‌ലൈനായി റഫറൻസ് നൽകിയ 7 ബില്ലുകൾ റീ-ഇംബേഴ്സ്മെന്റ് ചെയ്യുന്ന വിഷയത്തിൽ വിശദമായ ശിപാർശ സർക്കാരിൽ ലഭ്യമാക്കുവാൻ സെക്രട്ടറി നിർദ്ദേശിച്ചു.

<u>**മറ്റു യോഗതീരുമാനങ്ങൾ**</u>

**18.** ഇ.എസ്.ഐ കോർപ്പറേഷൻ നേരിട്ട് സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി എംപാനൽ ചെയ്തിരുന്ന സ്വകാര്യ ആശുപത്രികളുടെ എംപാനൽമെന്റ് കാലാവധി 31/01/2024-ന് അവസാനിക്കുകയാണെന്നും ടി ആശുപത്രികളെ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് എംപാനൽ ചെയ്യേണ്ടതാണെന്നും ഇ.എസ്.ഐ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. ടി സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടുന്നതും അപേക്ഷ സമർപ്പിച്ചതുമായ കിംസ് അൽഷിഫ ആശുപത്രി പെരിന്തൽമണ്ണ, SBM ആശുപത്രി കരുനാഗപ്പള്ളി, ലിയു ആശുപത്രി കൽപ്പറ്റ, സെന്റ് ജോസഫ് മിഷൻ ആശുപത്രി മാനന്തവാടി എന്നീ ആശുപത്രികളെ സ്പെഷ്യാലിറ്റി ചികിത്സകൾക്കായി 31/01/2024-ന് ശേഷം വകുപ്പ് എംപാനൽ ചെയ്യുന്നതിന് കമ്മിറ്റി തീരുമാനിച്ചു.

**19.** ഇ.എസ്.ഐ ആശുപത്രികളിൽ സീനിയർ സൂപ്രണ്ട് (ലേ സെക്രട്ടറി) മാരാണ് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറെന്നും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകളിൽ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് പകരം സീനിയർ സൂപ്രണ്ടിനെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി മാറ്റണമെന്നും മദ്ധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായപ്പെട്ടു. ശിപാർശ സർക്കാരിൽ ലഭ്യമാക്കുവാൻ സെക്രട്ടറി നിർദ്ദേശിച്ചു.

**20.** ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ നിലവിൽ 1 സെൻട്രൽ മെഡിക്കൽ സ്റ്റോറും 2 സബ്സ്റ്റോറുകളുമാണുള്ളത്. സെൻട്രൽ മെഡിക്കൽ സ്റ്റോറിന്റെ ചുമതലയിൽ സ്റ്റോർ സൂപ്രണ്ടും സ്റ്റോർ കീപ്പറും ഉണ്ടെങ്കിലും മറ്റ് 2 സബ്സ്റ്റോറുകളിലും സ്റ്റോർ കീപ്പർ മാത്രമാണുള്ളത്. സ്റ്റോർ സൂപ്രണ്ട് ഗസറ്റഡ് തസ്തികയും സ്റ്റോർ കീപ്പർ നോൺ ഗസറ്റഡ് തസ്തികയുമാണ്. സ്റ്റോർ കീപ്പർ തസ്തിക നോൺ ഗസറ്റഡ് തസ്തികയായതിനാൽ സബ്-സ്റ്റോറുകളിലെ ബില്ലുകളും വൗച്ചറുകളും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഒപ്പിടേണ്ടതായി വരുന്നുവെന്നും ആയത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അധിക ജോലിഭാരമാണെന്നും മദ്ധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ യോഗത്തെ അറിയിച്ചു. സബ്സ്റ്റോറിലെ സ്റ്റോർ കീപ്പർക്ക് സ്റ്റോറിന്റെ പൂർണ്ണചുമതല നൽകുകയാണെങ്കിൽ ഇക്കാര്യത്തിൽ പരിഹാരമുണ്ടാകുമെന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായപ്പെട്ടു. ശിപാർശ ലഭ്യമാക്കുവാൻ സെക്രട്ടറി

അറിയിച്ചു.

യോഗം ഉച്ചയ്ക്ക് 1.30-ന് അവസാനിച്ചു.

**അനുബന്ധം**

**11th State Executive Committee Meeting (19/01/2024)**

| പങ്കെടുത്തവർ | |
|---|---|
| ക്രമ നമ്പർ | പേര്, തസ്തിക |
| 1 | ശ്രീ. സൗരഭ് ജയ്ൻ, ഐ.എ.എസ്<br>സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ് |
| 2 | ശ്രീ. എസ്. ശങ്കർ, റീജിയണൽ ഡയറക്ടർ (I/C)<br>ഇ.എസ്.ഐ കോർപ്പറേഷൻ, തൃശ്ശൂർ |
| 3 | ഡോ.മാലിനി. എസ്, ഡയറക്ടർ,<br>ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| 4 | ഡോ. ഡെറിൻ.ടി.പി, സ്റ്റേറ്റ് മെഡിക്കൽ ഓഫീസർ ( I/C)<br>ഇ.എസ്.ഐ കോർപ്പറേഷൻ, തൃശ്ശൂർ |
| 5 | ശ്രീമതി. നിജിറോജ, എക്സിക്യൂട്ടീവ് എഞ്ചിനിയർ<br>പി.ഡബ്ല്യൂ. ഡി |
| 6 | ശ്രീമതി. പ്രീത.പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ<br>പി.ഡബ്യൂ.ഡി |
| 7 | ശ്രീ. പ്രശാന്ത്.ജി.എസ്, അണ്ടർ സെക്രട്ടറി<br>പി.ഡബ്യൂ.ഡി |
| 8 | ഡോ. പ്രേമ കുമാർ.എം., കേരള സംസ്ഥാന ചെറുകിട വ്യവസായ<br>അസോസിയേഷൻ |
| 9 | ഡോ. രാജീവ്.എസ്, ജോയിന്റ് ഡയറക്ടർ<br>ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| 10 | ഡോ. വി.എ. സിനി പ്രിയദർശിനി<br>റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണ മേഖല, കൊല്ലം |
| 11 | ഡോ. ജൊവാൻ കരേൻ മെയ്ൻ<br>റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, മദ്ധ്യമേഖല , എറണാകുളം |
| 12 | ഡോ. ജയശങ്കർ.കെ.ആർ, സൂപ്രണ്ട്<br>ഇ.എസ്.ഐ ആശുപത്രി, ഫറോക്ക് |